# ഗവ എൽ പി സ്കൂൾ

# കണ്ടംകുന്ന്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

PDF Scanner ACE Scanner




PDF Scanner ACE Scanner

# ആമുഖം

മട്ടന്നൂർ നിയോജകമണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വേണ്ടി കരിക്കുലം വിഭാനം ചെയ്യുന്ന രീതിയിൽ ഓരോ കുട്ടിയുടെയും അറിവും കഴിവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനുള്ള സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന കാഴ്ചപ്പാടിലൂടെയാണ് ഈ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്.

സ്കൂൾ തലത്തിൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയും കുട്ടിയുടെ സമഗ്ര വികാസം ഉറപ്പാക്കുന്നതിന് സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് ഈ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്.

# ചരിത്രം

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഗവ:എൽ പി സ്കൂൾ കണ്ടംകുന്ന്.1954 ൽ ശ്രീ തേൻകുടിയൻ കണ്ണൻ എന്ന വിദ്യാഭ്യാസസ്നേഹിയുടെ ശ്രമഫലമായാണ് ഈ വിദ്യാലയം ആരംഭിച്ചത്.ഏകാധ്യാപകവിദ്യാലയമായി ഓലഷെഡിലാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്.മൂലേരിക്കാട് എന്നറിയപ്പെട്ടിരുന്ന സ്കൂൾ പരിസരം കൊടും കാടായിരുന്നു.അധ്യാപകർ ഇവിടെ ദീർഘകാലം സേവനമനുഷ്ഠിക്കാൻ മടികാണിച്ചിരുന്നു.ഭൂമിശാസ്ത്രപരമായി ഏറെ ദുർഘടമുള്ള ഈവിദ്യാലയത്തിന് ഭൗതി സാഹചര്യമൊരുക്കാൻ പി ടി എ യും നാട്ടുകാരും ഒട്ടേറെ ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തും സർവ്വശിക്ഷാ അഭിയാനും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ ഇന്ന് ഈ വിദ്യാലയം വളരെ ഉയരത്തിലാണ്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനസാന്ദ്രതക്കുറവും വിദ്യലയത്തിലെ കുട്ടികളുടെ എണ്ണത്തെപ്രതികൂലമായിബാധിക്കുന്നു.!ഒരുകാലത്ത് അടച്ചുപൂട്ടൽഭീക്ഷണി നേരിട്ട ഈ വിദ്യാലയത്തെ മാതൃകവിദ്യാലയമായി ഉയർത്തിക്കൊണ്ടുവരുവാൻ നാട്ടുകാരുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് വർഷം തോറും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു.ഇതിന്റെയെല്ലാം ഫലമായി കുട്ടികളുടെ എണ്ണത്തിൽ ചെറിയവർദ്ധനവ് ഉണ്ടായിട്ടുണ്ട്.ദൂരെയുള്ളരക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഈ വിദ്യാലത്തലയക്കാൻ താല്പര്യം കാണിക്കുന്നുണ്ട്.എങ്കിലും അനാദായകരം എന്ന പേരിൽ നിന്ന് മുക്തി നേടാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവിടുത്തെ നാട്ടുകാരെ സംബന്ധിച്ചെടുത്തോളം ഈ വിദ്യാലയം നിലനിൽക്കേണ്ടത് അത്യാവശ്യമാണ്.ഈ വിദ്യാലയം നിർത്തലാക്കിയാൽ കിലോമീറ്ററുകൾ താണ്ടി വേണം മറ്റ് വിദ്യാലയത്തിലെത്താൻ. യാത്രാസൗകര്യത്തിന്റ അഭാവവും സാമ്പത്തിക പിന്നോക്കാവസ്ഥയും രക്ഷിതാക്കളെ സംബന്ധിച്ചെടുത്തോളം വളരെ പ്രയാസമുണ്ടാകും.കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കും.

ACE Scanner

# ലക്ഷ്യങ്ങൾ

- അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ അതത് ക്ലാസിൽ തന്നെ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.
- കുട്ടികളുടെ സർഗപരവും കായികവും അക്കാദമികവുമായ കഴിവുകളെ പ്രോത്സാഹിപ്പിച്ച് അവരെ വിവിധമത്സരങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുപ്പിച്ച് വിജയം വരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് ഭാഷകൾ തെറ്റ് കൂടാതെ സമസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- നാലാം തരം പൂർത്തിയാക്കുമ്പോഴേക്കും ശാസ്ത്ര പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെട്ട് ശാസ്ത്രാഭിരുചി വളർത്തും.
- പ്രൈമറി തലം പൂർത്തിയാക്കുമ്പോഴേക്കും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അപഗ്രഥനം ചെയ്യാനുള്ള ശേഷികൾ ഉറപ്പ് വരുത്തും.
- സാമൂഹ്യപരമായ അറിവുകൾ നേടുന്നതിനോടൊപ്പം വ്യക്തിത്വ വികസനം ഉറപ്പാക്കും.
- BRC,IED, റിസോഴ്സ് ടീച്ചർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പരിപാടികൾ ഉറപ്പാക്കും.
- കുട്ടികളുടെ പഠന നേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പിന്നോക്കാവസ്ഥ പരിഹരിക്കും.
- പ്രതിഭാധനരായ കുട്ടികൾക്ക് ഉയരാനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കും.

PDF Scanner ACE Scanner

# നിലവിലെ അവസ്ഥാവിശകലനം

## നേട്ടങ്ങൾ -ഭൗതികം

അഞ്ച് ക്ലാസ് മുറികളിലുള്ള രണ്ട് നില കോൺക്രീറ്റ് കെട്ടിടം. എസ് എസ് എ ഫണ്ടും ഗ്രാമപഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.ക്ലാസ് മുറികൾ ടൈൽ പാകിയതുമാണ്.ലൈറ്റ്, ഫാൻ, തുടങ്ങിയ സൗകര്യങ്ങളുണ്ട്.

## പരിമിതികൾ

- <u>കളിസ്ഥലം:</u>കളിസ്ഥലമായി ചെറിയ മുറ്റം മാത്രമേയുള്ളു.ശരിയായ കായിക പരിശീലനം സാധ്യമാകുന്നില്ല.
- <u>ലാബ്സൗകര്യങ്ങള്:</u> ശാസ്ത്രലാബ് , കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയ്ക്ക് സൗകര്യങ്ങളില്ല.
- <u>ശുചിമുറി:</u> പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളുള്ള പ്രത്യേക ശുചിമുറി ഇല്ല.
- <u>ഭക്ഷണശാല:</u> കുട്ടികൾക്ക് ശുചിത്വമുള്ള ഭക്ഷണശാല ആവശ്യമാണ്. നിലവിൽ ഭക്ഷണം കഴിക്കുന്നത് സ്റ്റേജിലാണ് .അവിടെ ഇരുന്ന് ഭക്ഷണം കഴിക്കാനാവശ്യമായ ഫർണ്ണിച്ചർ സൗകര്യമില്ല.
- പ്രീപ്രൈമറി : ക്ലാസ് റൂം,ഫർണിച്ചർ,കളിയുപകരണങ്ങൾ,ടോയിലറ്റ് എന്നിവ ഇല്ല.

ACE Scanner

# അക്കാദമികം - പരിമിതികൾ

കുട്ടികളുടെ എണ്ണക്കുറവ് പ്രധാന പ്രശ്നമാണ്.സ്കൂളിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനസാന്ദ്രക്കുറവും ഇതിന് കാരണമാണ്. അടുത്ത കാലത്തായി ഇംഗ്ലീഷ് സ്കൂളുകളുടെ ആധിക്യവും കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നു.

രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, വിദ്യാഭ്യാസയോഗ്യത എന്നിവ കുട്ടികൾക്ക് വീടുകളിൽനിന്നും ലഭിക്കുന്ന പിന്തുണയെ ബാധിക്കുന്നു.

കുട്ടികൾ വ്യത്യസ്ത നിലവാരക്കാരായതിനാൽ എല്ലാശേഷികളും എല്ലാ കുട്ടികളിലും എത്തിക്കാൻ കഴിയുന്നില്ല.

ഭിന്നശേഷിക്കാർക്ക് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നിലവില്ല.അവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ കണ്ടെത്താൻ പ്രയാസമനുഭവപ്പെടുന്നു.കലാകായിക പ്രവർത്തന പരിചയ മേഖലകളിൽ ശാസ്ത്രീയ പരിശീലനം നൽകാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

സ്മാർട്ട് ക്ലാസ് മുറികളുടെ അപര്യാപ്തത,ICT ഉപകരണങ്ങളുടെ കുറവ്

PDF Scanner ACE Scanner

# പദ്ധതി രൂപീകരണ പ്രക്രിയ-ഘട്ടങ്ങൾ

- സ്കൂൾ SRG യുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് പദ്ധതിരൂപരേഖ തയ്യാറാക്കൽ
- PTA -SMC എന്നിവയുടെ നേതൃത്വത്തിൽ ശില്പശാല നടത്തി കരട് രേഖ തയ്യാറാക്കൽ
- PTA-SMC കരട് രേഖ മെച്ചപ്പെടുത്തിയത് അംഗീകരിക്കുന്നു.
- കരട് പദ്ധതി രേഖ എഴുതി തയ്യാറാക്കുന്നു.
- കരട് പദ്ധതിരേഖ PEC യിൽ അവതരിപ്പിക്കുന്നു.നിർദേശങ്ങൾ കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തണം
- അക്കാദമിക് മാസ്റ്റർപ്ലാൻ DTP ചെയ്യണം
- സ്കൂൾ വികസന സമിതി യോഗത്തിൽവെച്ച് പ്രഖ്യാപിക്കുന്നു.

PDF Scanner ACE Scanner

# പൊതു വിവരങ്ങൾ

## ഗവ .എൽ പി സ്കൂൾ കണ്ടംകുന്ന്

| | | |
|---|---|---|
| പഞ്ചായത്ത് | : | മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് |
| ബ്ലോക്ക് | : | കൂത്തുപറമ്പ് |
| വില്ലേജ് | : | കണ്ടംകുന്ന് |
| താലൂക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| വിദ്യാഭ്യാസ ഉപജില്ല | : | മട്ടന്നൂർ |
| പോസ്റ്റോഫീസ് | : | നീർവേലി |
| പിൻകോഡ് | : | 670701 |
| ഫോൺ നമ്പർ | : | 04902369620 |
| E mail id | : | glpskandamkunnu@gmail.com |
| പ്രധാനാധ്യാപിക | : | ശ്രീമതി മിനി പി വി |
| മൊബൈൽ നമ്പർ | : | 9961095405 |
| പി ടി എ പ്രസിഡണ്ട് | : | വിനോദ്.എ |
| എം പി ടി എ പ്രസിഡണ്ട് | : | ജീഷ്മ എം |
| അസംബ്ലി മണ്ഡലം | : | മട്ടന്നൂർ |
| പാർലമെന്റ് മണ്ഡലം | : | [illegible] |

PDF Scanner ACE Scanner

# കുട്ടികളുടെ എണ്ണം

2024-25 അക്കാദമിക വർഷം വിവിധ ക്ലാസ്സുകളിലെ കട്ടികളുടെ എണ്ണം

| വിഭാഗം | പ്രി പ്രൈമറി | | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ജനറൽ ഒ ബി സി ഉൾപ്പെടെ | 3 | 6 | 2 | 3 | 1 | 3 | 4 | 1 | 5 | 4 |
| എസ് സി | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| എസ് ടി | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 5 | 6 | 2 | 3 | 1 | 3 | 4 | 1 | 5 | 4 |

2025-26 അക്കാദമിക വർഷം വിവിധ ക്ലാസ്സുകളിലെ കട്ടികളുടെ എണ്ണം

| വിഭാഗം | പ്രി പ്രൈമറി | | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ജനറൽ ഒ ബി സി ഉൾപ്പെടെ | 3 | 4 | 1 | 2 | 2 | 3 | 2 | 2 | 4 | 2 |
| എസ് സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| എസ് ടി | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 4 | 4 | 2 | 2 | 2 | 3 | 2 | 2 | 4 | 2 |

ACE Scanner

# പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായനാ പരിപോഷണം
- രചനാ പോഷണം
- ശാസ്ത്ര പോഷണം
- പഠന യാത്രകൾ
- കലാകായിക മേളകൾ
- അധ്യാപക ശാക്തീകരണ പരിപാടികൾ
- സ്കൂൾ പത്രം/ മാസിക
- സി.പി.ടി.എ ശക്തമാക്കൽ
- പ്രവർത്തി പരിചയ പഠനം
- ലൈബ്രറി ശാക്തീകരണം

PDF Scanner ACE Scanner

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ |
|---|---|
| SWEETY ENGLISH | |
| ➜ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>➜ ഇംഗ്ലീഷ് അസംബ്ലി<br>➜ വാർത്താ വായന<br>➜ വീഡിയോ-(കഥകൾ,പാട്ടുകൾ)<br>➜ പ്രദർശനം<br>➜ വായനാകാർഡുകൾ-വായന<br>➜ കഥാപുസ്തകങ്ങൾ-വായന | കുട്ടിളിൽ ഇംഗ്ലീഷ് ഭാഷയിൽ താല്പ്പര്യം ജനിപ്പിക്കുക.ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവ് വളർത്തുക.വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. |

| ഗണിതം മധുരം | ലക്ഷ്യങ്ങൾ |
|---|---|
| ➜ വിദഗ്ധരുടെ ക്ലാസുകൾ<br>➜ ശില്പശാല<br>➜ ഗണിത അസംബ്ലിക<br>➜ ഗണിത മാസി<br>➜ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>➜ ഗണിതക്ലബ്<br>➜ പസിലുകൾ,ക്വിസ്<br>➜ ഗണിത കേളികൾ | ഗണിതാഭിരുചി വളർത്തുക<br>ഗണിതത്തോടുള്ള ഭയം ഒഴിവാക്കുക<br>രസകരമായി ഗണിതം അഭ്യസിക്കുക.<br>നിത്യ ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസിലാക്കാനും കുട്ടികൾക്ക് പ്രായോഗിക സന്ദർഭങ്ങൾ ഗണിത ക്രിയകൾ പ്രയോഗിക്കാനുള്ള കഴിവ് വളർത്തിയെടുക്കാനും. |

| നട്ടുനനയ്ക്കാം | ലക്ഷ്യങ്ങൾ |
|---|---|
| ▶ വീട്ടിലും വിദ്യാലയത്തിലും പച്ചക്കറി കൃഷി<br>▶ പൂന്തോട്ട പരിപാലനം<br>▶ ഔഷധത്തോട്ട നിർമ്മാണം,പരിപാലനം | കുട്ടികളിൽ കൃഷിയിൽ താല്പര്യം ജനിപ്പിക്കാനും, മണ്ണിലിറങ്ങി പണിയെടുക്കാനുമുള്ള മനോഭാവം വളർത്തുകയും ചെയ്യുക |

| പുഴയറിയാൻ | ലക്ഷ്യശ്ങ്ങൾ |
|---|---|
| ☆ ജലസ്രോതസ്സുകൾ പരിചയപ്പെടൽ,സംരക്ഷണം<br>☆ ജീവജാലങ്ങളുടെവൈവിധ്യം,പ്രത്യേകതകൾ,അനുകൂനലങ്ങൾ ഇവ തിരിച്ചറിയൽ<br>☆ പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടതിന്റെ | പ്രകൃതി സ്നേഹം വളർത്തുക<br>ജീവജാലങ്ങളോട് ദയകാണിക്കാനും അവയെ സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.<br>നിരീക്ഷണ പാടവം വളർത്തുക |

ACE Scanner

| മലയാളം | ലക്ഷ്യങ്ങൾ |
|---|---|
| ☆ അക്ഷരകാർഡുകൾ,വായനാകാർഡുകൾ,കൈയെഴുത്ത് മാസിക<br>☆ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>☆ കഥാ രചന<br>☆ കവിതാ രചന<br>☆ നാടൻപാട്ടുകൾ | ഭാഷാപരമായ കഴിവുകൾ വളർത്തുക<br>സാഹിത്യാഭിരുചി വളർത്തുകയും കവികളെയും കഥാകാരന്മാരേയും പരിചയപ്പെടൽ |

| വായന പരിപോഷിപ്പിക്കൽ-ലൈബ്രറി | ലക്ഷ്യങ്ങൾ |
|---|---|
| ● അമ്മവായന,വായനാക്കുറിപ്പ് തയ്യാറാക്കൽ,പുസ്തക പരിചയം - അസംബ്ലിൽ<br>● പത്രവാർത്താ വായന<br>● പത്രവാർത്താ ക്വിസ്<br>● കഥകൾ,പാട്ടുകൾ-വീഡിയോ,ഓഡിയോ.<br>● കവികൾ,കഥാകാരന്മാർ,നാടൻ പാട്ട് കലാകാരന്മാർ ഇവരെയെല്ലാം വിദ്യാലയത്തിൽ ക്ഷണിക്കൽ<br>● ബാലസാഹിത്യ കൃതികൾ പരിചയപ്പെടൽ | വായന പരിപോഷിപ്പിക്കൽ.<br>പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക.<br>ക്വിസ് മത്സരങ്ങൾ നേട്ടങ്ങൽ കൈവരിക്കുക,<br>സാഹിത്യാഭിരുചി വളർത്തുക. |

| പ്രവൃത്തി പരിചയം | ലക്ഷ്യങ്ങൾ |
|---|---|
| ▶ ശില്പ ശാല<br>▶ മേളകളിൽ പങ്കെടുക്കൽ<br>▶ പരിശീലനം നൽകുക | നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുക.<br>പ്രവൃത്തി പരിചയമേളകളിൽ മികച്ച നേട്ടം കൈവരിക്കൽ. |

| കലാപഠനം | ലക്ഷ്യങ്ങൾ |
|---|---|
| ➔ ചിത്ര രചന പരിശീലനം<br>➔ നാടകക്കളരി<br>➔ നൃത്തപരിശീലനം | കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന കലാപരമായ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കുക |

| പക്ഷി നിരീക്ഷണം | ലക്ഷ്യങ്ങൾ |
|---|---|
| ☆ പക്ഷിക്കൂട്ടം<br>☆ ഫലവൃക്ഷങ്ങൾ നട്ടു വളർത്തുക<br>☆ പേരുകൾ കണ്ടെത്തൽ | നിരീക്ഷണ പാടവം വളർത്തുക<br>ജീവികളെ സംരക്ഷിക്കൽ<br>സഹജീവി സ്നേഹം വളർത്തുക<br>പ്രകൃതിസ്നേഹം വളർത്തുക |

PDF Scanner ACE Scanner